(ജനനപ്പെരുന്നാൾ സന്ധ്യ)

**(മ്ശീഹൊ ഏസീലേദ്)**

മശിഹാ ജാതം ചെ-യ്താ ബേത്ലഹേമിൽ-
പ്രാ-ചിയിൽ നിന്നെത്തി -ജ്ഞാനികളവനേമാ-നി-പ്പാൻ
രാജാവായ് ജാതം -ചെയ്തോനെങ്ങാവോ-
ഏ-കട്ടഭിവാദ്യം-വന്നുവണങ്ങിൻ സാ-ഷ്ടാം-ഗം

ജാതം ചെയ്ത നൃപൻ -ബേത്ലഹേമിലിതാ-
ഭാസുരമാം താരം-സൂരികളെയറിയി-ച്ചേ-വം
പൈതലിവൻ തന്നെ- കതിരുമിവൻതന്നെ-
നാഥനിവൻതന്നെ- സർവ്വേശൻ ദൈവം-ത-ന്നെ

ബേത്ലഹേംഗുഹയിൽ-ചെന്നഥ ദർശിച്ചു-
പൈതലിനോടൊപ്പം- മാതാവാം മറിയാം- ത-ന്നെ
അവതാരം ചെയ്തോ-രഖിലേശൻപേർക്കായ്-
കാദീശ് കാദീശെ-ന്നാർക്കും ദൂതന്മാ-രേ-യും

കീറത്തുണിചുറ്റി-പാറപ്പൊത്തിലിതാ-
പാൽനുകരുന്നയ്യൊ- ലോകമഹോന്നത ദേ-വേ-ശൻ
തലമുറകളിൽ മുമ്പൻ -ശിശുപോൽ കരയുന്നു-
ഭൂതലജാതികളെ! വന്നുവണങ്ങിൻ സാ-ഷ്ടാം-ഗം

എത്രമനോഹരമാ-ബേത്ലഹേം ഗുഹയിൽ-
ഈറയരും നരരും-പാടിയ മോഹന സം-ഗീ-തം
വിസ്മിതയായ് മറിയാം-ഭ്രമമാർന്നൂയൗസേഫ്-



കീർത്തിതനായ് പുത്രൻ -വന്നുവണങ്ങിൻസാ-ഷ്ടാം-ഗം

ഇന്നാൾ ദൈവത്തിൻ- നന്ദന ജനനദിനേ-
വാനവദൂതഗണം -വിസ്മയകരഗീതം -പാ-ടി
സ്തുതിദേവനുവാനിൽ- ക്ഷിതിതന്നിൽ ശാന്തി-
മാനവനുത്തമമാം- ശരണവുമെന്നുൽഘോ-ഷി-ച്ചു.

ഗുഹയിൽ ജനിച്ചോനാം -സുതനായ് സ്തുതിപാടി
മാലാഖമാരോ-ടാട്ടിടയരുമീറേ-ന്മാ-രും
തിരുവവതാരത്താൽ-വിടുതൽ നൽകുകയാൽ-
ആഘോഷാർഹതയോ-ടവനെ സ്തുതിയാൽ വ-ന്ദി-ക്കാം

(ജനനപ്പെരുന്നാൾ രാത്രി 1-ാം കൗമ)

നാ-ഥാ! ഈ നിൻജന്മത്തിൻ-നാളി-ൽ
വായ്കളിൽ നിന്നെല്ലാം-സ്തോ-ത്രം-തേ

1. നിൻശ്രേഷ്ഠത തന്നുന്നതി കൈ-വി-ട്ടു
ഹീനതയെ സ്വയമാർ-ന്നോ-നാ-കും

സ-ർവ പ്രാണദനേ വർണ്ണി-ച്ചീ-ടാൻ
മതിയാകും മൃതിയു-ള്ളോ-നേ-വൻ

ജന്മശ്രീദായകനേ! നിൻജന്മത്തേയുൽഘോഷിച്ചീടാൻ
ഏ-കുകബലമെന്മനതാരിനു നിൻ ശ്രേഷ്ഠതയേശോധിക്കാ-തെ

ആ-ർദ്രതയെ ഞാൻഘോഷിച്ചീ-ടേണമേ
ദൃശ്യനദൃശ്യൻ നീ-ധന്യൻ-താൻ

2. ആ-ശ്ചര്യം ഗാത്രം തന്നിൽ-പു-ത്രൻ
പൂർണ്ണതയോടെഴുന്നെ-ള്ളി-പാ-ർത്താൻ

സ-മ്പൂർണ്ണതയൊടു ഗാത്രത്തിൽ-വാ-ണാൻ
മതിയായ് മരുവീടാ-നാ-ഗാത്രം.

അന്യൂ-നപ്രീതിയൊടവിടധിവാസംചെയ്താൻസീമാ-തീ-തൻ
പൂ-ർണ്ണനരത്വമൊടമരുമ്പോൾ പൂർണ്ണാധീശത്വംപൂണ്ടോ-നേ

വ-ർണ്ണിച്ചീടാൻ മതിയായോ-നേ-വൻ



സീമാതീതനവൻ-ധന്യൻ-താൻ.

3. സാക്ഷാൽ സ്വർഗ്ഗീയതയിൽ വാ-ഴു-മ്പോൾ
ഭൗമികനായോനെ!-സ്തോ-ത്രം -തേ

സ്വ-ർഗ്ഗീയാദ്യ തനുജൻ സ്നേ-ഹ-ത്താൽ
ആദ്യതജനായോൻ മറിയാ-മീ-ന്നും

ദൈ-വത്തിൻ ശിശുവാകുന്നോൻ പേരിനു യൗസേപ്പിൻ ശിശുവായി
സ്വേ-ഷ്ടത്താൽ സാക്ഷാൽ ദൈവം മാനവ ജനനത്തെ
കൈക്കൊണ്ടു

നിന്തിരുവിഷ്ടം മഹനീയം-ശ്രേ-ഷ്ഠം
താവകമാം ജന്മം-ധ-ന്യം -താൻ.

4. താ-തേശാത്മജപരിശുദ്ധാ-ത്മാ-വേ!
ആരംഭംമുതലേ-സ്തോ-ത്രം-തേ

നി-ന്നുലുദിച്ചേൻനൽകബലം-നാ-ഥാ
പരിണാമത്തോളം ചെ-ന്നെ-ത്താൻ

നാനാവിധ ഭംഗികളെയും നിഹനിക്കും കുഴിമാടം തന്നിൽ
എ-ന്നുടെ ബലഹീനതയോലും വാക്കുകളവസാനിച്ചീടു-മ്പോൾ
തീ-നരകത്തിൽ രക്ഷിതനാ-യീ-ടാൻ
കൃപചെയ്തീടണമെ കർത്താവേ!

(ജനനപ്പെരുന്നാൾ മദ്ധ്യാഹ്നം) **(ഒന്നാം നിറം)**

സീനായ് ഗിരി നിൻ -സവിധേ വിറപൂണ്ടു
നാഥാ ദേവേശാ- ഗിരിവാരിധി ധരനാം നിന്നെ
കന്യകയാം മറിയാമേന്തി
വേഴ്ച പെടാതവൾ ഗർഭിണിയായ്-
വചനാതീതം പ്രസവിച്ചു
തൽസ്മൃതിയെ - വിശ്രുതമാക്കണമെ.
ഉന്നത രാജ്യമതും - ശാശ്വത ജീവിതവും



നിർമ്മലരാർജ്ജിക്കും - സത്തമമശിഹാ ഭക്തന്മാർ-
അർഹിക്കുന്ന മഹാ ഭാഗ്യം
ജഡനേത്രം ദർശിക്കുകയോ
ശ്രവണം കേൾക്കുകയോ ഹൃദയം
തേറുകയോ ചെയ്തിട്ടില്ലേതും.
മിശിഹായുടെ റൂശ്മാ- മാമോദീസായാൽ
സംപ്രാപിച്ചോരായ് തൃപ്പാവനതനു ഭക്ഷിച്ചു
പുണ്യനിണം പാനം ചെയ്തോർ
പൂഴിയിൽ നിന്നും താൻ മൂലം -
പ്രാണനോടേറി ധൂളികുട
ഞ്ഞതിതേജോ-
വസ്ത്രം ചാർത്തീടും.

(ജനനപ്പെരുന്നാൾ മൂന്നാംമണി) **(ഒന്നാം നിറം)**

കന്യക്കമറിയാമിന്നാൾ
പെറ്റാളുണ്ണിയെ മകുടങ്ങളെ മുടയുന്നോ-നെ
സീയോനിതുകേട്ടപ്പോൾ
അവനെക്കണ്ടീടും മുമ്പേകമ്പം പൂ-ണ്ടു.
നിബിമൊഴിവായി -ച്ചേറോദേസോടായ്
ബേത്‌ലഹേമിൽ- നൃപതിജനിച്ചെന്നാൾ
കൊല്ലിച്ചാനാൾ വിട്ടാ
ബേത്‌ലഹേം ശിശുവൃന്ദത്തെ വീഴ്ചയിലായ് - തൻ വാഴ്ച
വാണാനീശോ - യെന്നെന്നും
വരുവിൻ സ്തുതിപാടീടാൻ
നിജജനനത്തിൻ ദിവസത്തിൽ ഹാലേയലുയ്യാ-ഉഹാലേ-
വാനിയലട്ടാനന്ദം
വാരിധിയും ധരയും നരരും സ്തുതിപാടട്ടെ
ഉലകിതിലിന്നുളവായി
നന്മയുമാമോദവുമോലും ശുഭ കാര്യങ്ങൾ
കന്യക പെറ്റു-തന്നിൽ മുതിർന്നോനെ
അമ്മണിയുണ്ണി -ജനകനു സമനല്ലൊ
പിഞ്ചുകിടാവെന്നോണം.
പുൽക്കൂട്ടിൽ പാൽ നുകരുന്നു മാലാഖമാർ-ചൂളുന്നു.
ഇടയന്മാരും ശാസ്ത്രികളും
കാണിയ്ക്കകളർപ്പിച്ചു.
രാജാധീശർക്കെന്നവിധം ഹാലേലുയ്യാ - ഉഹാലേയുയ്യാ

(രണ്ടാം വിവാഹം - 1-ാം ശുശ്രൂഷ)

(മൽക്കൂസ് റൌമൊ) **(രണ്ടാം നിറം)**

1. വാഴ്‌വേറ്റബ്രാഹാം-താതൻ തൻ ഭവനം മൂന്നു പുമാന്മാരാൽ
        സാക്ഷാൽ മണവാളൻ മശിഹാ
        സക്കായ് - ഭവനത്തെ വാഴ്ത്തി
    സ്വാരാധകരേറിയ വീട്ടിൽ - ത്രിത്വം വാണീടണമേ നൽ
        തലമുറയാ-ലതു വാഴ്ത്തപ്പെടണം

2. ഏവൻഗേല്യോനിൽ - മോറാൻ ശിഷ്യരൊടായ് -
                ചൊല്ലിക്കേട്ടേൻ ഞാൻ
        കൈക്കൊൾ-വൂ നിങ്ങളെ വീടേ-
        താവീ-ടെന്നെ കൈക്കൊൾവൂ
    അബ്രാഹാമിൻ ഭവനം പോൽ-ഞങ്ങളണഞ്ഞൊരു ഭവനത്തെ
        രക്ഷകനേ-വാഴ്ത്തുക തൃക്കൈയ്യാൽ